**<u>ചെയർമാൻ, ജില്ല ദുരന്തനിവാരണ അതോറിറ്റി & ജില്ല കലക്ടർ, വയനാടിന്റെ നടപടിക്രമം.</u>**

(ഹാജർ : ശ്രീ. അജയകുമാർ എ.ആർ, IAS)

**<u>നടപടിക്രമം നം: DCWYD/7148/2018-DEOC 1 തീയതി:03/07/2018.</u>**

വിഷയം:- ഡി ഡി എം എ - മഴക്കാലത്ത് ഉണ്ടാകാൻ ഇടയുള്ള ദുരന്തങ്ങളും കെടുതികളും ഒഴിവാക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ചെയർമാൻ ഡിഡിഎംഎ & ജില്ല കലക്ടർ, വയനാടിന്റെ 30/06/2015 തീയതിയിലെ 2014/21178/12/H3 നം ഉത്തരവ്.

2. ദുരന്തനിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 28/05/2018 തീയതിയിലെ DM1/217/2018/DMD നം പരിപത്രം.

3. ചെയർമാൻ ഡിഡിഎംഎ & ജില്ല കലക്ടർ, വയനാടിന്റെ 12/06/2015 തീയതിയിലെ DCWYD/7148/2018-DEOC-1 നം ഉത്തരവ്.

*********************************************

കാലവർഷക്കെടുതികൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ സൂചന 2 പരിപത്ര പ്രകാരമുള്ള വിവിധ നിർദ്ദേശങ്ങൾ ജില്ലയിൽ സൂചന 3 ഉത്തരവ് പ്രകാരം നടപ്പിലാക്കുകയുണ്ടായി.

വയനാട് ജില്ലയിൽ കാലവർഷത്തിൽ വ്യാപകമായി കുന്നിടിച്ച് മണ്ണ് നീക്കം ചെയ്യുന്നത് മൂലം അപകടങ്ങൾ ഉണ്ടാകുകയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനായി 2017 കാലവർഷ സമയത്ത് മണ്ണുമാന്തി യന്ത്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഉത്തരവായിട്ടുണ്ടായിരുന്നു.

മെയ്, ജൂൺ മാസങ്ങളിലെ ശക്തമായ മഴയും മറ്റു കെടുതികളുടെയും കാഠിന്യം കണക്കിലെടുത്ത് ഈ കാലവർഷത്തിൽ കുന്നിടിക്കുന്നതും, മണ്ണ് നീക്കം ചെയ്യുന്നതുമായ പ്രവർത്തികൾ തുടരുകയാണെങ്കിൽ ദുരന്തകാരണമായേക്കാവുന്ന സാഹചര്യങ്ങൾ ഉണ്ടാകാനിടയുണ്ട് എന്ന കാര്യം ബോധ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജില്ലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നത് 2018 ആഗസ്റ്റ് മാസം 15-ാം തീയതി വരെ ദുരന്തനിവാരണ നിയമം സെക്ഷൻ 30(1)പ്രകാരം താല്ക്കാലികമായി നിരോധിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന ജിയോളജിസ്റ്റ്, താലൂക്ക് തഹസിൽദാർമാർ എന്നിവർ സ്വീകരിക്കേണ്ടതും ഈ ഉത്തരവ് പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഒപ്പ്)

ചെയർമാൻ, ഡി ഡി എം എ &

ജില്ല കലക്ടർ, വയനാട്.

1. പ്രസിഡന്റ്, ജില്ല പഞ്ചായത്ത്, വയനാട്
2. ജില്ല പോലീസ് ചീഫ്, വയനാട്

3. ജില്ല മെഡിക്കൽ ഓഫീസർ, വയനാട്
4. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, വയനാട്
5. അഡീഷണൽ ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂ
6. എല്ലാ തഹസിൽദാർമാർക്കും
7. എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
8. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
9. എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസിൽദാർ മുഖേന)
10. ജിയോളജിസ്റ്റ്, വയനാട്

പകർപ്പ് :-

1. സബ് കലക്ടർ, മാനന്തവാടി
2. ഡ. ഡയറക്ടർ ഓഫ് പഞ്ചായത്ത്, വയനാട്
3. ഡിസ്ട്രിക്ട് ഇൻഫർമാറ്റിക്സ് ഓഫീസർ, NIC, വയനാട് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
4. ജില്ല ഇൻഫോർമേഷൻ ഓഫീസർ, വയനാട് (മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ)

This is electronically approved by **AJAYAKUMAR A R, DC DCWYD, O/O DC WAYANAD** on 03/07/2018. Hence it does not require signature in ink.